
# ആകാശത്തോളം




ST.JOSEPH'S HIGHER SECONDARY SCHOOL PULINCUNNOO

EXCELLENTIA ET SAPIENTIA

little KITEs

# Table of Little KITEs CONTENTS


1. പ്രകതി സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്ക് 4
2. പുഞ്ച കൃഷി 5
3. മുണ്ടകൻ കൊയ്ത്ത് 6
4. ഒരു നെല്ലും ഒരു മീനും 8
5. ഞാറ്റുവേല 9
6. സോഷ്യൽ മീഡിയയുടെ ഗുണങ്ങളും ദോഷങ്ങളും 12
7. ബാലൻ 13
8. തീക്കനലായ യുദ്ധം 14
9. പ്രളയം വിഴുങ്ങിയ കേരളം 15
10. വിദ്യാഭ്യാസത്തിലെ വെർച്വൽ റിയാലിറ്റിയുടെ ഭാവി 17
11. TIGERCHAN &DEAR MAN WAR 20
12. നിലയ്ക്കാത്ത ജീവിത പുഴ 22
13. ടൈറ്റനോ ബോവ 25
14. മഞ്ഞിന്റെ കൂട്ടുകാരൻ 26
15. രണ്ടു സുഹൃത്തുക്കൾ 28
16. ലഹരിയും ജീവിതവും 29
17. ലഹരി എന്ന വിപത്ത് 32
18. പൂമ്പാറ്റ 36



# MESSAGE
(headmaster)

കാലത്തിന്റെ മാറ്റങ്ങളെ സ്വീകരിച്ച് ഓരോ വർഷവും നവീകരിക്കപ്പെട്ട മുന്നേറുന്ന ഒരു വിദ്യാലയമാണ് പുളിങ്കുന്ന് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ. സാങ്കേതികവിദ്യയുടെ മുന്നേറ്റം വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകേണ്ടത് അനിവാര്യമാണെന്ന് തിരിച്ചറിവിൽ നിന്നാണ് ലിറ്റിൽ കൈറ്റ്സ് എന്ന സംഘടന രൂപപ്പെടുന്നത്. പുളിങ്കുന്ന് സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചു വരുന്ന ഒരു പ്രസ്ഥാനമാണ് ലിറ്റിൽ കൈറ്റ്സ് പ്രസ്ഥാനം. ആധുനിക സാങ്കേതികവിദ്യയോടെ മാനവികത കൂടി കൂട്ടിച്ചേർത്ത് വിജ്ഞാനത്തിനൊപ്പം മനുഷ്യസ്നേഹവും കരുണയും സ്നേഹവും അഭ്യസിക്കുവാൻ ആവട്ടെ എന്ന് ആശംസിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ എവർക്കും പ്രചോദനം ആവട്ടെ.

-സ്നേഹപൂർവ്വം ഹെഡ്മാസ്റ്റർ ഷാജി തോമസ്




പ്രകൃതിയും മനുഷ്യനും ഈശ്വര ചൈതന്യവും സമ്മേളിക്കുന്ന ഒരു അവസ്ഥയിലാണ് ജീവിതം മംഗളമായി തീരുന്നതെന്ന് ഭാരതീയ ദർശനം പഠിപ്പിക്കുന്നു പ്രകൃതിയുമായുള്ള ഈ പരസ്പരബന്ധം നഷ്ടമായ അവസ്ഥയിലാണ് നാം ഇന്ന് ജീവിക്കുന്നത് രാജ്യങ്ങൾ വളർത്തിയെടുത്ത

വികസന സങ്കല്പം നമ്മെ എത്തിച്ചത് അത് സങ്കീർണമായ പരിസ്ഥിതി പ്രശ്നങ്ങളുടെ മധ്യത്തിലാണ്

സൃഷ്ടാവ് നമുക്കായി നൽകിയ അതിമനോഹരവും സമ്പവുമായ പ്രകൃതിയുടെ മടിത്തട്ട് അവഗണിച്ച് നാം അസ്ഥിരമായ വികസന പദ്ധതികൾക്ക് രൂപം കൊടുത്തു. ജലവും വായുവും മണ്ണും വിഷയുക്തമായി ജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് സംഭവിച്ച കാര്യമായി ക്ഷതം മൂലം ഇതിനകം അനേകം ജീവിവർഗങ്ങൾ ഭൂമിയിൽ നിന്ന് പ്രത്യക്ഷമായി കഴിഞ്ഞു കാലാവസ്ഥയുടെ താളത്തിലും ക്രമത്തിനും ഭീതിജനകമായ വ്യതിയാനം സംഭവിച്ചു ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെയും സാധ്യമോ എന്ന് കവിയോടൊപ്പം നാമെല്ലാവരും ആശങ്കപ്പെടേണ്ട നിലയിലേക്ക് കാര്യങ്ങൾ എത്തപ്പെട്ടിരിക്കുന്നു സാഹചര്യത്തിൽ നാളത്തെ പൗരൻ എന്ന നിലയിൽ പ്രകൃതി സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്ക് എന്തെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു

ചൊട്ടയിലെ ശീലം ചുടല വരെ എന്നാണല്ലോ ചൊല്ല് ചെറുപ്പത്തിൽ നാം ആർജ്ജിക്കുന്ന മൂല്യങ്ങൾ നമ്മുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നു വീട്ടുമുറ്റത്ത് ചെടികൾ നട്ടാൽ വളവും ജലവും നൽകി അതിലെ പുഷ്പങ്ങളും ഫലങ്ങളും കണ്ട് ആഹ്ലാധിക്കാൻ കുട്ടികൾക്ക് കഴിഞ്ഞെങ്കിൽ അവർ സ്നേഹമുള്ളവരും സഹജീവികളോട് കരുണയുള്ളവരും എല്ലാത്തിനും പുറമേ ആപൽക്കരങ്ങളായ വീഡിയോ ഗയിമുകളുടെയും ഇന്റർനെറ്റിന്റെ ചതിക്കുഴികൾക്കുമപ്പുറം ജീവൻ തുടിക്കുന്ന ഊർജ്ജവാഹിയായ മറ്റൊരു ലോകം അവർക്കു മുമ്പിൽ തുറക്കുകയും ചെയ്യുന്നു

പ്രകൃതി സംരക്ഷണത്തിന്റെ പുതിയ പാഠങ്ങൾ പകർന്നു തരുന്ന സുഭാഷ് പല്ലേക്കരറെയും കല്ലേൽ പൊക്കുടനെയും പോലെയുള്ളവരെ കുറിച്ച് നാം അറിയണം മാതൃകയാക്കണം. പ്രകൃതി സംരക്ഷണത്തിന്റെ ഈ നീല മേലാപ്പിനുള്ളിൽ സ്വച്ച സുന്ദരമായ ഒരു ഹരിതഭൂമി തീർക്കാൻ നമുക്ക് കഴിയട്ടെ.


Abhijith N Rajeev



# പുഞ്ച കൃഷി

കേരളത്തിലെ പരമ്പരാഗതമായ നെൽകൃഷികളിൽ ഒരു സമ്പ്രദായമാണ് പുഞ്ച അഥവാ പുഞ്ച കൃഷി. ആഴം കൂടിയ കുണ്ടു പാടങ്ങളിലും കായൽനിലങ്ങളിലുമാണ് പുഞ്ച കൃഷി ചെയ്യുന്നത്. വെള്ളത്തിന്റെ നിലയനുസരിച്ച് വൃശ്ചിക മാസത്തിലോ ധനുവിലോ മകരത്തിലോ പുഞ്ച കൃഷി ആരംഭിക്കുന്നു. പുഞ്ച കൃഷി ചെയ്യുന്ന കുണ്ടു പാടങ്ങളിലും കായൽ നിലങ്ങളിലും ജൈവാംശത്തിന്റെ അളവ് കൂടുതലായതിനാൽ പുഞ്ചയ്ക്ക് വിളവ് കൂടുതലായിരിക്കും കേരളത്തിലെ കുട്ടനാടൻ പ്രദേശങ്ങൾ പുഞ്ച കൃഷിക്ക് പേരുകേട്ടതാണ്. വിരിപ്പും മുണ്ടകനും കഴിഞ്ഞതിനുശേഷം ഉള്ള ഒരു മൂന്നാം വിളയായിട്ടാണ് അധികസ്ഥലത്തും വേനൽ പുഞ്ച കൃഷി ചെയ്യുന്നത്. ഡിസംബർ ജനുവരി മുതൽ മാർച്ച് ഏപ്രിൽ വരെയുള്ള കാലയളവാണിത്.കുട്ടനാടൻ കോൾ പുഞ്ചയുമായി പേരിൽ മാത്രമേ ഈ വേനൽ പുഞ്ച കൃഷിക്ക് സാമ്യമുള്ളൂ. മറ്റു രണ്ടു വിളകളുമായി താരതമപ്പെടുത്തുമ്പോൾ പുഞ്ചകൃഷിയെടുക്കുന്ന സ്ഥലം കേരളത്തിൽ കുറവാണ് നനയ്ക്കാൻ വെള്ളം ഉണ്ടെങ്കിൽ പുഞ്ച കൃഷിക്കാലം നെൽ കൃഷിക്ക് വളരെ അനുകൂലമാണ്.


Suryanath K.S




കന്നി കൊയ്ത്തിനു ശേഷമാണ് രണ്ടാം വിളയായ മുണ്ടകൻ കൃഷി ചെയ്യുന്നത്.സെപ്റ്റംബർ- ഒക്ടോബർ തുടങ്ങി ഡിസംബർ- ജനുവരിയിലാണ് മുണ്ടകൻ കൃഷി അവസാനിക്കുന്നത്. കൃഷിയുടെ പ്രാരംഭ നടപടികൾ ആഗസ്റ്റ് മാസത്തിൽ തന്നെ തുടങ്ങുന്നു.

വിരിപ്പ് കൃഷി എടുക്കാത്ത പാടശേഖരങ്ങളിലും രണ്ടാം കൃഷി ചെയ്താൽ അവസാന ഘട്ടങ്ങളിൽ വെള്ളത്തിന്റെ കുറവ് അനുഭവിക്കുന്ന ഇടങ്ങളിലും മുണ്ടകൻ കൃഷിക്ക് നേരത്തെ തയ്യാറെടുക്കാം.ശാസ്ത്രീയമായി കൃഷി ചെയ്ത് പരിചരിച്ചാൽ നെൽകൃഷി ആദായകരമാണ് അതുകൊണ്ട്അതുകൊണ്ട് തുടക്കം തന്നെ ശ്രദ്ധയോടെ ചെയ്യാൻ കർഷകർ ശ്രദ്ധിക്കണംതുടക്കത്തിൽ തന്നെ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. നിലമൊരുക്കൽ വിത്തൊരുക്കൽ ഞാറ്റടിയും പറിച്ചു നടീൽ വരെയുള്ള പ്രവർത്തി ഘട്ടത്തിൽ ഏറെ പ്രാധാന്യമുണ്ട് രണ്ടാം വിളയിൽ ഭൂരിപക്ഷവും നടീലാണ് മുളപ്പിച്ച വിത്ത് നേരിട്ട് പാകി കൃഷി ചെയ്യുന്നവരുമുണ്ട്. മഴയെ മാത്രം ആശ്രയിച്ച കൃഷി ചെയ്യുന്നവരിൽ ഭൂരിപക്ഷവും വിതച്ച് പണിയെടുക്കുകയോ മൂപ്പ് കുറഞ്ഞവ നടുകയോ ചെയ്യുന്നു.തുടക്കത്തിൽ തന്നെ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. നിലമൊരുക്കൽ വിത്തൊരുക്കൽ ഞാറ്റടിയും പറിച്ചു നടീൽ വരെയുള്ള പ്രവർത്തി ഘട്ടത്തിൽ ഏറെ പ്രാധാന്യമുണ്ട്.

-Adithyan V.S


by
Sreerag
9B




തണ്ണീർത്തടങ്ങളാൽ സമ്പന്നമാണ് കേരളം ഇവ വർഷത്തിൽ കൂടുതൽ സമയങ്ങളിലും തരിശായി തന്നെ നിലനിൽക്കുന്നു താഴ്ന്ന പ്രദേശങ്ങളിലെ നെൽവയലുകൾ വർഷത്തിൽ ജൈവകൃഷി ചെയ്യുന്നതിനും ബാക്കിയുള്ള എട്ടു മാസങ്ങളിൽ തനിച്ചായി നിലനിർത്തി വരുന്നു. ചെറിയ മാറ്റങ്ങൾ വരുത്തി മത്സ്യകൃഷി കൂടി ഈ കൃഷിയിടങ്ങളിൽ നടത്താനാകും. ഈ വിധത്തിലുള്ള സംയോജിത കൃഷി സംവിധാനം ഒരു സുസ്ഥിരമായി കൃഷി രീതി ആയതിനാൽ കീടനാശിനി വളം എന്നിവയുടെ ഉപയോഗം കുറയ്ക്കാനാകും. അനുയോജ്യമായ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കാവുന്നതാണ് പ്രത്യേകമായി സജ്ജമാക്കിയ താഴ്ന്ന ഭാഗത്ത് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു.45 ദിവസത്തെ പരിപാലനത്തിന് ശേഷം കുളത്തിലേക്ക് തുറന്നുവിട്ട് മിതമായ രീതിയിൽ കൈതീറ്റയും നൽകിയാണ് മത്സ്യകൃഷി നടത്തുന്നത്.

-Ambadi P.R

# ഞാറ്റുവേല

രാശിചക്രത്തിലെ ഒരു നക്ഷത്രഫലം കടന്നുപോകാൻ സൂര്യനു വേണ്ട കാലയളവാണ് ഞാറ്റുവേല എന്നറിയപ്പെടുന്നത്. ഞാറ്റുവേല, ഞാറ്റില എന്നിങ്ങനെയും പേരുകൾ ഉണ്ട്. 27 ഞാറ്റുവേല കൾ ഉണ്ട്. അവയ്ക്ക് 27 നക്ഷത്രങ്ങളുടെ പേരാണ് നൽകിയിരിക്കുന്നത്. സൂര്യൻ ഏത് നക്ഷത്രത്തിന്റെ കൂടെ നിൽക്കുന്നുവോ ആ നക്ഷത്രത്തിന്റെ പേരിൽ ഞാറ്റുവേല അറിയപ്പെടുന്നു. സൂര്യൻ ഒരു നക്ഷത്രത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറുന്നതിന് ഞാറ്റുവേല പകർച്ച എന്ന ഞാറ്റുവേല പോക്ക് എന്ന് പറയുന്നു. ഒരു ഞാറ്റുവേല ശരാശരി 131/2 ദിവസത്തോളം നിൽക്കും.

**പേരിന്റെ പിന്നിൽ**

സൂര്യന്റെ മറ്റൊരു പേരായ ഞായറാണ് പേരിന്റെ കാരണം.ഞായർ വേള എന്നതാണ് ഞായറ്റുവേല എന്നും ഞാറ്റുവേല എന്നുമായി തീർന്നത്. ഞാറ്റുനില ഞാറ്റിലാ ഞായിറ്റുവേല എന്നിങ്ങനെയും പലയിടങ്ങളിൽ പേരുണ്ട്.

**ഞാറ്റുവേലയും കൃഷിയും.**

**ഞാറ്റുവേലയും കൃഷിയും.**

കേരളീയർ ഞാറ്റുവേലയ്ക്കൊത്ത് കാർഷിക ചക്രം രൂപപ്പെടുത്തിയിട്ടുണ്ട്. കേരളീയരെ സംബന്ധിച്ചിടത്തോളം ജ്യോതിശാസ്ത്രത്തിലും കാലാവസ്ഥ ശാസ്ത്രത്തിലും പരിചയത്തിലും ഊന്നി ഒരു കൊല്ലം ലഭ്യമാകുന്ന മഴയുടെ വിതരണത്തെ ഏറ്റവും നിർണയിച്ചതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഞാറ്റുവേല സങ്കല്പം. ഞാറ്റുവേലയിലെ മഴയുടെ പ്രത്യേകതകൾ പഴയചൊല്ലുകളിൽ നിന്ന് വ്യക്തമാക്കാവുന്നതാണ്. വേനൽ മഴയ്ക്കൊപ്പം ആദ്യ ഞാറ്റുവേലയായ അശ്വതി ഏപ്രിൽ പകുതിയോടെ തുടങ്ങും. അശ്വതി ഭരണി ഞാറ്റുവേലകളിൽ ഇടയ്ക്കിടയ്ക്ക് മഴപെയ്യും വിത്ത് ഭരണിയിലിടണം. രണ്ട് രാശികളിലായി ലഭിക്കുന്ന കാർത്തിക ഞാറ്റുവേലയിൽ പൊതുവേ മഴ ഉണ്ടാവാറില്ല.

**തിരുവാതിര ഞാറ്റുവേല**

കേരളത്തിലെ കാർഷിക മേഖലയ്ക്ക് വരദാനമായി തിരുവാതിര ഞാറ്റുവേല ജൂൺ 21ന് തുടങ്ങും. പല വൃക്ഷത്തൈകളും ചെടികളും കാർഷിക വിളകളും നടാനും മാറ്റി നടാനും പറ്റിയ സമയമാണിത്. ഞാറ്റുവേലക്കാലത്ത് പെയ്യുന്ന മഴയിൽ വളക്കൂർ കൂടുതൽ ഉണ്ടാവുമെന്നാണ് കർഷകരുടെ വിശ്വാസം.

സൂര്യന്റെ സ്ഥാനം തിരുവാതിര നക്ഷത്രത്തിൽ ആണെങ്കിൽ അതാണ് തിരുവാതിര ഞാറ്റുവേലയായി അറിയപ്പെടുന്നത്. ഇതുപോലെയുള്ള 27 നക്ഷത്രങ്ങളുടെ പേരിലാണ് ഞാറ്റുവേലകൾ അറിയപ്പെടുന്നത്. മറ്റു ഞാറ്റുവേലകളുടെ ശരാശരി ദൈർഘ്യം പതിമൂന്നര ദിവസമാണെങ്കിൽ തിരുവാതിരയുടെത് 15 ദിവസമാണ്.

തിരുവാതിര ഞാറ്റുവേലയും കുരുമുളകും ആയുള്ള അഭേദ്യമായി ബന്ധം വെളിപ്പെടുത്തുന്ന ഒരു കഥ ഇങ്ങനെയാണ്. പണ്ട് സാമൂതിരിയുടെ കാലത്ത് വാസ്കോഡഗാമയുടെ നേതൃത്വത്തിൽ പറങ്കികൾ കുരുമുളക് തൈകൾ പോർച്ചുഗലിലേക്ക് കൊണ്ടുപോകാൻ സാമൂതിരിയോട് അനുവാദം ചോദിച്ചു. അതിന് അനുവാദം നൽകിയ സാമൂതിരി അവർ ചോദിച്ചത്ര തൈകൾ നൽകുകയും ചെയ്തു. ഇത് കണ്ട ഭയന്ന് മങ്ങാട്ടച്ചൻ പറയിൽ കുരുമുളക് കൊണ്ടുപോയാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് അറിയിച്ചപ്പോൾ അവർ നമ്മുടെ കുരുമുളക് തൈകളെ കൊണ്ടുപോകൂ.നമ്മുടെ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകില്ലല്ലോ എന്നായിരുന്നു സാമൂതിരിയുടെ മറുപടി. ഓരോ ഞാറ്റുവേലയിലും എന്ത് നടണം എങ്ങനെ പരിപാലിക്കണം എന്നൊക്കെ കൃത്യമായി പറഞ്ഞിട്ടുണ്ട്

-AbhijithK.S




ഇന്നത്തെ നമ്മുടെ സമൂഹത്തിലും ജീവിതത്തിലും സോഷ്യൽ മീഡിയ ഒരു പ്രധാന പങ്ക് വഹിക്കുന്നു. സോഷ്യൽ മീഡിയയുടെ പ്രചാരത്തിനൊപ്പം ഇപ്പോൾ വ്യത്യസ്തമായ വിവരങ്ങൾ നമുക്ക് പ്രാപ്യമായിരിക്കുന്നു. പുരാതന കാലത്ത്, വിവരങ്ങൾ കണ്ടെത്തുന്നതിന് നമുക്ക് നിരവധി പുസ്തകങ്ങളിലൂടെ കടന്നുപോകേണ്ടിവന്നിരുന്നു. ഇപ്പോൾ ഇതെല്ലാം സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിൽ നിന്നും ഒരു വിരൽത്തുമ്പിൽ ലഭ്യമാകുന്നു.

ലോകത്തിലെ ആരുമായും ബന്ധപ്പെടാനും വിവരങ്ങൾ തൽക്ഷണം പങ്കിടാനുമുള്ള കഴിവുള്ളതിനാൽ ആളുകൾക്കിടയിൽ ആശയവിനിമയം നടത്തുന്നതിനുള്ള വളരെ ശക്തമായ മാർഗമായാണ് സോഷ്യൽ മീഡിയായെ ഉപയോഗിക്കുന്നത്.സമൂഹത്തിൽ സോഷ്യൽ മീഡിയയുടെ ഗുണപരവും പ്രതികൂലവുമായ ഫലങ്ങൾ നമുക്കുണ്ട്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വിദ്യാർത്ഥികളെ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ സഹായിക്കുന്നു, കാരണം വിദ്യാർത്ഥികൾ പരസ്പരം അകലെയാണെങ്കിലും ഗ്രൂപ്പ് ചർച്ചകൾ നടത്തുന്നത് എളുപ്പമാക്കുന്നു.എന്നാൽ സോഷ്യൽ മീഡിയയിലും ചില പോരായ്മകൾ ഉണ്ടെന്ന വസ്തുത നിഷേധിക്കാനാവില്ല. മിക്ക ആളുകളുടെയും ഉത്കണ്ഠയുടെയും വിഷാദത്തിന്റെയും പ്രധാന കാരണങ്ങളിലൊന്നാണ് സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം .ഇത് ഉറക്ക തകരാറിനും കാരണമാകും.വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ അലസത സൃഷ്ടിക്കുന്നതിൽ മുൻപന്തിയിലാണ്

-Devan Aravind 8B




ചത്തുർഥ്യാകരി എന്ന ഗ്രാമത്തിൽ ബാലൻ എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവനു പണ്ടുമുതൽ നഗരത്തിൽ പോയി ജോലിചെയ്യണം എന്നായിരുന്നു ആഗ്രഹം. ബാലന് ഒരു അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളു. ബാലന്റെ ചെറുപ്പത്തിലേ അച്ഛൻ മരിച്ചു പോയിരുന്നു. അവന്റെ ആഗ്രഹം ആയിരുന്നു അവന്റെ അമ്മക്ക് വലുത്. സ്കൂളിൽ പഠിക്കുന്ന കാലം മുതൽ നഗരത്തിൽ പോയി എല്ലാം കാണണം എന്നായിരുന്നു ബാലന്റെ ആഗ്രഹം. സ്കൂളിലെ ടീച്ചർ മാർക്ക് എല്ലാം ബാലനെ വളരെ ഇഷ്ടം ആയിരുന്നു. അങ്ങനെ അവൻ പഠിച്ചു വലുതായി നഗരത്തിൽ നല്ല ഒരു ജോലി വാങ്ങി അവിടെത്തന്നെ നല്ല ഒരു വീട് വെച്ചു. അവിടെ നിന്ന് തന്നെ ബാലൻ വിവാഹം കഴിച്ചു ഭാര്യയും കുട്ടികളും ആയി താമസം ആരംഭിച്ചു. കുറെ വർഷങ്ങൾക്കു ശേഷം ബാലനു നഗരത്തിലെ ജീവിതം മട്ടുത്തു തുടങ്ങിയിരുന്നു. ബാലാനു തന്റെ നാട്ടിലെ വയലും പുഴയും പഴയ വീടും തന്റെ അമ്മയെയും കാണാൻ ആഗ്രഹം തോന്നി. എന്നാൽ അവന്റെ ഭാര്യ മീനമ്മക്ക് നഗരത്തിൽ നിന്നും മാറി നിൽക്കാൻ താല്പര്യം ഉണ്ടായിരുന്നില്ല.കമ്പനി യിലെ അമിത ജോലിഭാരം കാരണം ബാലൻ വളരെ ആവശ്യം ആയിരുന്നു. ഭാര്യയുടെ എതിർപ്പിനെ അവഗണിച്ചു ബാലൻ ഒരു മാസത്തെ ലീവ് എഴുതിനല്കി നാട്ടിലേക്ക് തിരിച്ചു വന്നു. നാട്ടിൽ തിരികെ വന്നശേഷം ബാലൻ തന്റെ കളിക്കൂട്ടുകാരും ആയി വീണ്ടും കൂട്ടുകൂടി. കുളത്തിലും പുഴയിലും പോയി കുളിച്ചും വയലിൽ പോയി നടന്നും അമ്മ ഉണ്ടാക്കി തരുന്ന ഭക്ഷണം കഴിച്ചും ബാലൻ തന്റെ അവധിക്കാലം ആസ്വദിച്ചു. നാട്ടിൽ തിരികെ എത്തിയശേഷം തന്റെ ഉന്മേഷവും സന്തോഷവും തിരികെ കിട്ടിയേ പോലെ ബാലനു തോന്നി. സന്തോഷപൂർണമായ അവധിക്കാലം ബാലൻ അസ്വദിച്ചു തിരികെ നഗരത്തിലെ തിരക്കിലേക്ക് മടങ്ങി....

By
Sreedev.s
8B

# തീക്കനലായ യുദ്ധം.

ഇസ്രായേൽ പാലസ്തീൻ യുദ്ധസമയം.അതായത് 2023. അന്നയുടെ ജീവിതത്തിൽ കരിനിഴൽ വീണ കാലഘട്ടം. അന്നയും അവളുടെ മാതാപിതാക്കളും സന്തോഷത്തോടെയാണ് യുദ്ധത്തിനു മുൻപ് വരെ ജീവിച്ചിരുന്നത്. യുദ്ധം തുടങ്ങിയതോടെ സന്തോഷം എല്ലാം ഇല്ലാതായി.ഇസ്രായേൽ വലിയ വലിയ സ്ഫോടക വസ്തുക്കളും മാരകായുധങ്ങളും പാലസ്തീനെ ലക്ഷ്യമാക്കി തൊടുത്തുവിട്ടു.രാത്രി ഉറങ്ങുവാൻ കടന്ന അന്നയും കുടുംബവും,അല്ല അന്ന് മാത്രം ഒരു തീരാദുരന്തത്തിന് സാക്ഷിയായി.അവരുടെ നഗരം ആയിരുന്നു ഇസ്രായേൽ തൊടുത്തു വിട്ട ബോംബുകളുടെ ലക്ഷ്യം. കെട്ടിടങ്ങളുൾപ്പടെ നശിച്ചുപോയ ആ വലിയ ദുരന്തത്തിൽ അന്നയുടെ മാതാപിതാക്കളെ അവൾക്ക് നഷ്ടമായി. നഗരത്തിൽ നിന്നും രക്ഷപ്പെട്ട വളരെ കുറച്ച് മനുഷ്യരുടെ പട്ടികയിൽ അന്നയും!

ഇസ്രായേൽ പാലസ്തീൻ യുദ്ധമാകുന്ന കാട്ടുതീ ഇനിയും അണഞ്ഞിട്ടില്ല. അന്നയുടെ മനസ്സിലെ തീക്കനലും ..........

-Kuncheria.S.Manaprampali 8B



# പ്രളയം വിഴുങ്ങിയ കേരളം

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. അന്തർ സംസ്ഥാന അണക്കെട്ടുകളുടെ ഏകോപനമില്ലായ്മ, ഒട്ടനവധി മേഘവിസ്ഫോടനങ്ങൾ, അന്തരീക്ഷത്തിലെ ന്യൂനമർദം, പാടങ്ങൾ മണ്ണിട്ട് നികത്തുക എന്നിവയും ഈ പ്രളയത്തിന്റെ കാരണങ്ങളിൽ ചിലതുമാത്രമാണ്. പ്രളയം സംസ്ഥാനത്തെ വ്യവസായ, വാണിജ്യ മേഖലകൾക്ക് വലിയ ആഘാതമാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇവ ഏകദേശം 10,000 കോടി രൂപയോളം വരുമെന്നാണ് പ്രാഥമിക നിഗമനം. വ്യാപാര സ്തംഭനം, സ്റ്റോക്കിനുണ്ടായ നാശം, കെട്ടിടങ്ങൾക്കും യന്ത്രസാമഗ്രികൾക്കുണ്ടായ കേടുപാടുകൾ എന്നിവയ്ക്കു പുറമെ അവസര നഷ്ടത്തിന്റെ മൂല്യവും ഇതിൽ ഉൾപ്പെടുന്നു.

ഓപ്പറേഷൻ കരുണ എന്ന് പേരിട്ട കേരളത്തിലെ പ്രളയരക്ഷാദൗത്യത്തിൽ പ്രളയത്തിൽ കുടുങ്ങിയവരെ രക്ഷിക്കാൻ വ്യോമസേനയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങളുണ്ടായി.

ഓപ്പറേഷൻ സഹയോഗ് എന്ന പേരിൽ കേരള സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും സൈന്യം നിരവധി രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായി.

പത്തനംതിട്ട, എറണാകുളം ജില്ലകളിലെ അതിരൂക്ഷമായ പ്രളയക്കെടുതിയിൽ നിരവധി ജീവനുകൾ രക്ഷിച്ചത് മത്സ്യബന്ധന ബോട്ടുകളും അവയിലെ തൊഴിലാളികളുമാണ്. 94 മത്സ്യബന്ധന ബോട്ടുകളാണ് കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നും രക്ഷാ പ്രവർത്തന ദൗത്യങ്ങൾക്ക് പത്തനംതിട്ടയിൽ എത്തിച്ചത്. മീൻപിടുത്തത്തിന് ഉപയോഗിക്കുന്ന ചെറുവള്ളങ്ങൾ മുതൽ വലിയ ബോട്ടുകൾ വരെയുള്ളവയാണ് പ്രളയസമയത്ത് മൂന്നു ദിവസങ്ങളിലായി രാവും പകലുമില്ലാതെ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത്. മലപ്പുറം വേങ്ങരയിൽ നിന്നുള്ള ഒരു ദൃശ്യം ദേശീയ മാധ്യമങ്ങളുടേയടക്കം ശ്രദ്ധയാകർഷിച്ചു. മുതലമാട് പ്രായമേറിയ സ്ത്രീകളെയടക്കം ബോട്ടിൽ കയറ്റാൻ തന്റെ മുതുക്ക് ചവിട്ടുപടിയാക്കി നൽകിയ താനൂരിലെ മത്സ്യത്തൊഴിലാളി ജയ്സലാണ് വീഡിയോയിലെ താരം. രക്ഷാപ്രവർത്തനത്തിനിടയിൽ ബോട്ടിൽ കയറാൻ കഴിയാതിരുന്ന സ്ത്രീകൾക്കാണ് ഇദ്ദേഹം തന്റെ മുതുക് ചവിട്ടുപടിയാക്കി നൽകിയത്.ഭൂപ്രകൃതിപരമായി നിരവധി പ്രത്യേകതകളുള്ള കേരള സംസ്ഥാനത്തിന് ഈ മഹാപ്രളയം മോശമായി ബാധിച്ചു.

JITHIN 8B

## വിദ്യാഭ്യാസത്തിന്റെ വെർച്വൽ റിയാലിറ്റിയുടെ ഭാവി

ആകർഷകമായ, യഥാർത്ഥ ലോക സാഹചര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് വിവരങ്ങൾ ഉൾക്കൊള്ളുന്നതിനോ ദൃശ്യവൽക്കരിക്കുന്നതിനോ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്കുള്ള വിടവ് നികത്താൻ വെർച്വൽ റിയാലിറ്റിക്ക് കഴിയും. സിമുലേറ്റഡ് പരിതസ്ഥിതികൾക്ക് വിദ്യാർത്ഥികളെ ഒരു വിഷയത്തിനുള്ളിൽ മുഴുകാൻ കഴിയും, അത് അവർ പര്യവേക്ഷണം ചെയ്യുന്ന വിഷയവുമായി അവരെ ബന്ധപ്പെടുത്തുന്നു.

അതേസമയം, വിആർ ഉപകരണങ്ങളിലെ സംയോജിത സെൻസറുകൾ ഉപയോഗിച്ച് വിദ്യാഭ്യാസ അനുഭവങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. ഉപയോക്താക്കളുടെ പ്രവർത്തനങ്ങളും ചലനങ്ങളും ട്രാക്ക് ചെയ്യപ്പെടുന്നതിനാൽ, VR ഡിസ്പ്ലേകൾക്ക് പൂർണ്ണമായി സംവേദനാത്മകമായ ഒരു സംവേദനാത്മക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അതിനനുസരിച്ച് പൊരുത്തപ്പെടാൻ കഴിയും. അനുഭവത്തിലൂടെ കൂടുതൽ ഫലപ്രദമായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അറിവ് നിലനിർത്താനും പഠിച്ച ആശയങ്ങൾ പ്രായോഗിക സാഹചര്യങ്ങളിൽ പ്രയോഗിക്കാനും കഴിയും.

*STEM-മായി ബന്ധപ്പെട്ട കരിയറിനായുള്ള വെർച്വൽ റിയാലിറ്റി*
ഉന്നതവിദ്യാഭ്യാസത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്, അവർ തിരഞ്ഞെടുത്ത ബിരുദാനന്തര ഫീൽഡുകളുമായി ബന്ധപ്പെട്ട പ്രധാന കഴിവുകൾ വികസിപ്പിക്കാൻ സഹായിക്കുന്ന ഒരു വിലപ്പെട്ട ഉപകരണമാണ് വെർച്വൽ റിയാലിറ്റി. STEM വ്യവസായങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക ലാൻഡ്സ്കേപ്പുമായി പൊരുത്തപ്പെടുമ്പോൾ, വിആർ അടിസ്ഥാനമാക്കിയുള്ള പഠനത്തിലൂടെ ഭാവിയിലെ തൊഴിൽ ശക്തികളെ തയ്യാറാക്കാൻ അധ്യാപകർക്ക് കഴിയും.

VR ഹെഡ്സെറ്റുകൾ ഉപയോഗിച്ച്, വിദ്യാർത്ഥികൾക്ക് ബ്രിഡ്ജ് ബിൽഡിംഗിൻ്റെ ഘടനാപരമായ ഗുണങ്ങളെക്കുറിച്ച് പഠിക്കാനും മനുഷ്യ ഹൃദയത്തിൻ്റെ ആന്തരിക പ്രവർത്തനങ്ങൾ പര്യവേക്ഷണം ചെയ്യാനും ഭീമാകാരമായവെർച്വൽ ഫീൽഡ് ട്രിപ്പുകൾ ക്ലാസ് മുറിയിൽ നിന്ന് ആസ്വാദ്യകരമായ അനുഭവം നൽകുമെന്ന് മാത്രമല്ല, പഠിക്കാനുള്ള വിദ്യാർത്ഥികളുടെ ആന്തരിക പ്രചോദനം മെച്ചപ്പെടുത്താനുള്ള കഴിവുണ്ടെന്ന് ഗവേഷണം തെളിയിച്ചിട്ടുണ്ട്. പ്രഭാഷണങ്ങളും നോൺ-ഇൻ്ററാക്ടീവ് ടൂളുകളും വെർച്വൽ ഇടപഴകലും പങ്കാളിത്തവും ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുക, വിദ്യാർത്ഥികൾ മെറ്റീരിയലുമായി ബന്ധിപ്പിക്കുന്നതിന് പുതിയ വഴികൾ കണ്ടെത്തുന്നു.

വെർച്ചൽ ഫീൽഡ് ട്രിപ്പുകൾ വർദ്ധിച്ച പ്രവേശനക്ഷമതയുടെ അധിക നേട്ടവും നൽകുന്നു; ദൂരെയുള്ള ലക്ഷ്യസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനേക്കാൾ വളരെ വിലകുറഞ്ഞ ഒരു ബദൽ, അത് സ്കൂളിന്റെ ബജറ്റ് പരിശോധിക്കാം.*പഠന ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്കുള്ള വിആർ*
ഇമ്മേഴ്‌സീവ് ക്ലാസ് റൂം മോഡൽ പഠന ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും പ്രയോജനകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പരമ്പരാഗത ക്ലാസ് റൂം പരിതസ്ഥിതികളിൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി, അധ്യാപകർക്ക് വെർച്ചൽ റിയാലിറ്റി സാങ്കേതികവിദ്യ ഉപയോഗിച്ച് സുരക്ഷിതവും നിയന്ത്രിതവുമായ ചുറ്റുപാടുകൾ സൃഷ്ടിക്കാൻ കഴിയും.

ചില വിദ്യാർത്ഥികൾ VR ഹെഡ്സെറ്റുകൾ ഉപയോഗിച്ച് ബുദ്ധിമുട്ടുന്നുണ്ടെങ്കിലും, ഇമ്മേഴ്‌സീവ് ക്ലാസ്റൂം സമീപനം പരമ്പരാഗത പഠന ഇടങ്ങളുമായി സാമ്യമുള്ള പാഠങ്ങൾ നൽകാൻ അധ്യാപകരെ പ്രാപ്തരാക്കുന്നു. പരിചിതതയുടെ ഈ നിലവാരം പരിമിതികളില്ലാതെ വെർച്ചൽ പരിതസ്ഥിതികൾ പര്യവേക്ഷണം ചെയ്യാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു

-Abhikrishna 8A

# നിലയ്ക്കാത്ത ജീവിത പുഴ.

ബോംബെ നഗരം. ഒരു മലയാളി കുടുംബത്തിൽ പുതുതായി ഒരു അംഗം കൂടി വന്നതിന്റെ പാർട്ടി നടക്കുകയാണ്. ജോൺ തെരേസ ദമ്പതികളുടെ മൂന്നാമത്തെ കുഞ്ഞും ബോംബെയിൽ പിച്ചവെച്ച് തുടങ്ങി.പ്രണയ വിവാഹമായിരുന്നതിനാൽ കുടുംബക്കാർ ഇല്ലാതെ കൂട്ടുകാർ മാത്രം ഒരു പക്ഷേ രണ്ട് ആൺമക്കളുടെ ഇടയിൽ പത്തു പതിനാലു വയസ്സ് വ്യത്യാസത്തിൽ ഒരു പെൺകുഞ്ഞ്. മകൾ ജനിച്ചത് ജോണിന് ഭാഗ്യങ്ങളാണ് നൽകിയത്. ജോലിയിൽ പ്രമോഷൻ കിട്ടിയതിന്റെ സന്തോഷത്തിൽ അയാൾ ഒരുപാട് മദ്യപിച്ചു.പിന്നീട് ആ കുടുംബത്തിലെ സന്തോഷങ്ങളെ മദ്യം പാടെ നീക്കി ഒരു ദിവസം രാവിലെ വീട്ടിലെ വിശേഷങ്ങൾ അറിയാൻ സഹോദരൻ വിളിച്ചു. "ഇവിടെ ജോൺ മദ്യപാനം തുടങ്ങി എന്ത് ചെയ്യാനാ?""നിങ്ങൾ മാത്രം ഇങ്ങോട്ട് വാ ജോൺ അവിടെ നിൽക്കട്ടെ കുറച്ചു മാറ്റം വരും." അങ്ങനെ നാട്ടിൽ ഒരു വീട് തരപ്പെടുത്തി അവർ അവിടെ താമസിച്ചു

പക്ഷേ ജോൺ പഴയതിനെക്കാൾ അധികം മദ്യപാനം തുടങ്ങി. കമ്പനിക്കാർ ജോണിനെ തിരിച്ചു നാട്ടിലേക്ക് അയച്ചു. നാട്ടിൽ വന്ന് ചില കൂട്ടുകെട്ടുകൾക്കിടയിൽപ്പെട്ട് വീണ്ടും ജോൺ മദ്യപിച്ചു. മരണമോ അല്ലെങ്കിൽ ഒരു ആത്മഹത്യയോ പ്രതീക്ഷിച്ച തെരേസ മകൾ മരിയയോട് സ്നേഹം നടിച്ചില്ല. മൂത്ത ചേട്ടനായിരുന്നു അവളുടെയെല്ലാം. കുടുംബം മുന്നോട്ടു പോകുന്തോറും ജോൺ അകലാൻ തുടങ്ങി. ഒരു ദിവസം വൈകിട്ട് സ്കൂൾ വിട്ടതിനുശേഷം മരിയ ചേട്ടനെ കാത്തുനിൽക്കുകയാണ് "ടീച്ചറെ സമയം താമസിച്ചല്ലോ ചേട്ടനെ കാണുന്നില്ലല്ലോ." " ഇപ്പോൾ വരും" മൂത്ത ചേട്ടന് പകരം വന്നത് ഇളയ ചേട്ടനാണ്.പ്രത്യേകിച്ച് ഒന്നും മിണ്ടുന്നില്ല. പരിസരത്തിന് ചുറ്റും നിറയെ ആളുകളാണ്.ചേട്ടന്റെ കൈയിൽ മുറുകെ പിടിച്ചു നടന്നു.വീട്ടിനുള്ളിൽ അമ്മയെ വെള്ള പൊതിഞ്ഞു കിടത്തിയിരിക്കുകയാണ്. ചേട്ടൻ എവിടെയാണ് എന്ന് മരിയ ചോദിച്ചു "അറിയില്ല അച്ഛൻ അമ്മയെ കൊന്നു എന്നെ അറിയൂ "അമ്മയുടെ സഹോദരന് മാത്രമാണ് കുറച്ചു മനുഷ്യപ്പറ്റുള്ളത്. അയാൾ മരിയെ വളർത്താം എന്ന് പറഞ്ഞെങ്കിലും അത് സമ്മതിക്കാതെ മരിയ ചേട്ടന്റെ കൂടെ നിന്നു. അഞ്ച് ഇലയുള്ള ആ ചെടിയിൽ ഇപ്പോൾ രണ്ടെണ്ണം മാത്രം.

മരിയ വളർന്നു ഏകദേശം ഒരു പത്തു ഇരുപതു വയസ്സായി.അവളെ പഠിക്കാൻ വിടേണ്ടതുണ്ട്. അവൻ എല്ലാം ത്യജിച്ചു. അവളുടെ ഇഷ്ടം പോലെ എംബിബിഎസ് പഠിക്കാൻ വിട്ടു. പണത്തിന്റെ പിരിമുറുക്കങ്ങൾ അവൻ മനസ്സിൽ വച്ചു. നാളുകൾ കടന്നുപോകുന്തോറും പഠന ചിലവ് ഏറി വന്നു ഒരു.ദിവസം മരിയ വീട്ടിലേക്ക് വരുമ്പോൾ കടക്കാർ ചേട്ടനോട് സംസാരിക്കുന്നത് കേട്ടു. "നിങ്ങൾ എനിക്ക് ഒരു മാസം കൂടി സമയം തരണം. " " ഇത് കുറെ ആയല്ലോ. " " "ശദയവു ചെയ്ത് "ശരി " മരിയ ഓടിച്ചെന്ന് ചേട്ടനെ കെട്ടിപ്പിടിച്ചു കടംകയറി മരിക്കാൻ ആണോ ഭാവം എനിക്ക് പഠിക്കേണ്ട ചേട്ടൻ അവളെ പിന്തിരിപ്പിക്കാൻ ആവുന്നത്ര ശ്രമിച്ചു പക്ഷേ അത് അത്ര എളുപ്പമായിരുന്നില്ല

അങ്ങനെ ചേട്ടന്റെ യാതനകളിൽ അവളും പങ്കാളിയായി.

ഒരു ദിവസം മരിയയുടെ കോളേജിൽ നിന്ന് വിളിച്ചു.വരാത്തതിന്റെ കാരണം തിരക്കി. മരിയ കാര്യങ്ങൾ വിശദീകരിച്ചു. എന്നാൽ ആ പ്രൊഫസർ പറഞ്ഞ മറുപടി അവളിൽ ഒരു പ്രത്യാശ വിതറി.പഠിക്കാൻ മുന്നോട്ടുള്ള ചെലവുകൾ ഏറ്റെടുക്കാൻ ഒരാൾ തയ്യാർ ആണെന്ന്. അങ്ങനെ ഒരുപാട് സന്തോഷത്തിൽ അവൾ പഠനം പുനരാരംഭിച്ചു.കോളേജിലുള്ളടോംസ് എന്ന ഒരു പ്രൊഫസർ ഉണ്ടായിരുന്നു. അവളെ ഒരുപാട് സ്നേഹിച്ചിരുന്നു അയാൾ. അയാളോട് തന്റെ പഠനചെലവ് ഏറ്റെടുത്ത  ആൾ ആരാണ് എന്ന് പലവട്ടംഅവൾ ചോദിച്ചു. അയാൾ ഒഴിഞ്ഞുമാറുകയായിരുന്നു. ഒരു ദിവസം അവൾക്ക് ടോംസ് കുറെ വസ്തുങ്ങളും മറ്റും കൊടുത്തിട്ട് പറഞ്ഞു" നിനക്ക് വേണ്ടി നിന്റെ പഠന ചെലവ് ഏറ്റെടുത്തയാൾ തന്നയച്ചതാ". പക്ഷേ അതെല്ലാം വലിച്ചെറിഞ്ഞിട്ട് അവൾ പറഞ്ഞു. " ഇത് ഒന്നും അയച്ചു തരാൻ ഞങ്ങൾ അഷ്ടിയ്ക്ക് വകയില്ലാത്തവർ

അല്ല.അപ്പോൾ പ്രൊഫസറിന് ദേഷ്യം വന്നു. ഇത് നിനക്ക് നിന്റെ ചേട്ടൻ അയച്ചുതന്നതാണ്.അയാൾക്ക് നിന്നെ പഠിപ്പിക്കാനോ നേരിട്ട് കാണാനോ വയ്യാത്തതുകൊണ്ട് എന്റെ കയ്യിൽ തന്നു. അവൾ ഒരുപാട് സങ്കടത്തിലാണ് വീട്ടിൽ ചെന്നത്. നടന്നതെല്ലാം ചേട്ടനോട് പറഞ്ഞു. ചേട്ടനെ കാണണം എന്ന ആഗ്രഹം കാരണം ഇരുവരും ആൾ എവിടെയാണെന്ന് ചോദിച്ച അഡ്രസ്സ് വെച്ച് അവർ പോയി. ഒരു വലിയ വീട് കതകിൽ മുട്ടി.അകത്തു കയറി. ഒരു സ്ത്രീയാണ് കതക് തുറന്നത്.രണ്ടു കുട്ടികളും.ഒരു തേജസ്സുള്ള രൂപം. ആറടി പൊക്കത്തിൽ ഒരു മനുഷ്യൻ. സഹോദരനെ കണ്ട അയാളുടെ കണ്ണ് നിറഞ്ഞൊഴുകി.ഇരുവരും ചേട്ടനെ വാരിപ്പുണർന്നു. ഇതുവരെ ഞങ്ങളെ തനിച്ചാക്കി ഇവിടെ ജീവിച്ചത് എന്തിന്. അമ്മ മരിച്ചപ്പോൾ എന്നോട് ഒന്നേ പറഞ്ഞുള്ളൂ എവിടെയെങ്കിലും പോയി രക്ഷപ്പെടണം.സഹോദരങ്ങളേ നോക്കണം. അത് പാലിക്കാൻ ഇത് വേണ്ടി വന്നു.അയാൾ കുട്ടികളെ കൊണ്ടുവന്ന് കാണിച്ചു "നിങ്ങളുടെ കുഞ്ഞമ്മയും ചെറിയച്ഛനും ഒക്കെയാണ്." അവരുടെ കുടുംബം എന്ന ചെറിയ ചെടി വളർന്നു. ദൂരെ എവിടെയോ നിന്ന് അവരുടെ അമ്മ അവരെ അനുഗ്രഹിച്ചു.ആ യാത്ര വീണ്ടും തുടങ്ങുകയാണ്.

-Jithin Sebastian 8C

# ടൈറ്റനോബോവ

വടക്കുകിഴക്കൻ കൊളംബിയയിലെ ലാ ഗ്വജിറയിൽ ജീവിച്ചിരുന്ന ലോകത്തിലെ ഏറ്റവും വലിയ പാമ്പ് ആയിരുന്നു ടൈറ്റനോബോവ. ലാ ഗ്വജിറയിൽ ഇവയുടെ 186 ഫോസിലുകൾ കണ്ടെത്തിയിട്ടുണ്ട് ലോകത്തിൽ കണ്ടു പിടിച്ചതിൽ വെച്ച് ഏറ്റവും വലിയ പാമ്പാണ് ടൈറ്റനോബോവ. അവയ്ക്ക് 42 മുതൽ 47 അടി വരെ ശരാശരി നീളം ഉണ്ടാകും 730 കിലോഗ്രാം മുതൽ 135 കിലോഗ്രാം വരെ ഭാരമുണ്ടാകും. ദിനോസറുകളുടെ വംശനാശത്തിന് ശേഷം കണ്ടെത്തിയതിൽ വെച്ച് ഏറ്റവും വലിയ ഉരഗ വർഗ്ഗമായി ഇവയെ കണക്കാക്കുന്നു.

2009ൽ കൊളംബിയയിലെ ലാ ഗ്വജൈറയിലെ സെറെജോണിന്റെ കൽക്കരി ഖനികളുടെ രൂപീകരണത്തിൽ ഇവയുടെ ശരീരത്തിന്റെ 28 ഫോസിലുകൾ കണ്ടെത്തി. 2009ലെ ഈ കണ്ടെത്തലിന് മുമ്പ്, തെക്കേ അമേരിക്കയിലെ ഉഷ്ണമേഖലാ പരിതസ്ഥിതികളിൽ പാലിയോസീൻ-യുഗത്തിലെ കശേരുക്കളുടെ കുറച്ച് ഫോസിലുകൾ കണ്ടെത്തിയിരുന്നു. ഫ്ലോറിഡ യൂണിവേഴ്സിറ്റിയിലെ വെർട്ടെബ്രേറ്റ് പാലിയെന്റോളജിസ്റ്റായ ജോനാഥൻ ബ്ലോച്ചിന്റെയും പനാമയിലെ സ്മിത്സോണിയൻ ട്രോപ്പിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള പാലിയോബോട്ടണിസ്റ്റ് കാർലോസ് ജറാമില്ലോയുടെയും നേതൃത്വത്തിലുള്ള അന്താരാഷ്ട്ര ശാസ്ത്രജ്ഞരുടെ സംഘമാണ് ഈ പാമ്പിനെ കണ്ടെത്തിയത്.

-Goutham Manikuttan

# മഞ്ഞിന്റെ കൂട്ടുകാരൻ



രാജു സ്കൂൾ വിട്ട് വീട്ടിലേക്ക് വരുകയായിരുന്നു. രാജുവിന്റെ കൂടെ അന്ന് അവൻറെ സുഹൃത്തായ ജോർജ്ജും ഉണ്ടായിരുന്നു. അവർ രണ്ടുപേരും തങ്ങളുടെ വീട്ടിൽ നടന്ന സംഭവങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ജോർജ് അവനോട് ചോദിച്ചു രാജു നീ മഞ്ഞു കണ്ടിട്ടുണ്ടോ? ഇല്ല മഞ്ഞെന്ന് കേട്ടിട്ടുണ്ട് പക്ഷേ ഞാൻ ഇതുവരെയായിട്ടും അത് നേരിൽ കണ്ടിട്ടില്ല. രാജു പഠിക്കുന്നത് മൂന്നാം ക്ലാസിലായിരുന്നു. അതുകൊണ്ട് മഞ്ഞിനെ കുറിച്ച് വലിയ ധാരണ ഒന്നുമില്ലായിരുന്നു. ജോർജ് പറഞ്ഞു കഴിഞ്ഞ ക്രിസ്മസ് അവധിക്ക് ഞാൻ വിദേശത്തായിരുന്നു അവിടെ മഞ്ഞുപെയ്യുന്ന സീസൺ ആയിരുന്നു അപ്പോൾ ആകാശത്തുനിന്ന് മഞ്ഞു പെയ്തിറങ്ങുന്നത് തന്നെ കാണേണ്ട കാര്യമാ. രാജുവിന് ഇത് കേട്ടപ്പോൾ തനിക്കും മഞ്ഞു കാണണമെന്ന് ആഗ്രഹം തോന്നി അവൻ വീട്ടിൽ ചെന്ന് അമ്മയോട് ചോദിച്ചു അമ്മേ നമ്മുടെ ഇവിടെ മഞ്ഞു പെയ്യുമോ അമ്മ രാജുവിന്റെ ചോദ്യം ശ്രദ്ധിച്ചതേയില്ല. എന്നാൽ രാജു വിട്ടുകൊടുക്കാൻ തയ്യാറായതുമില്ല. അവൻ വീണ്ടും ചോദിച്ചു അമ്മേ എനിക്ക് കാണണം. ഇല്ല മോനെ ഇവിടെ മഞ്ഞു പെയ്യില്ല. അമ്മയുടെ ഉത്തരം രാജുവിനെ  നിരാശനാക്കി.അവൻ ബെഡ്റൂമിലേക്ക് മടങ്ങി. രാജുവിനെ തിരിച്ചുവിളിച്ച് അമ്മ പറഞ്ഞു മോനെ നിനക്ക് മഞ്ഞു കാണിച്ചു തരാൻ ഇപ്പോൾ നിർവാഹമില്ല, പക്ഷേ മഞ്ഞിന്റെ ഒരു കൂട്ടുകാരൻ എന്നും അതിരാവിലെ ഇവിടെ വരും. അമ്മയുടെ ഉത്തരത്തിന് മോനുവിന്റെ മഞ്ഞു കാണാനുള്ള ആഗ്രഹത്തെ പിടിച്ചുനിർത്താനായി. നമ്മൾ എപ്പോഴാണ് പോകുന്നത് രാജു ചോദിച്ചു പുലർച്ചെ നാലര എന്ന ഉത്തരം കേട്ട് രാജു ഞെട്ടിപ്പോയി കാരണം രാജു അന്നേവരെ പുലർച്ചെ നാലര എന്ന സമയം കണ്ടിട്ടേ ഇല്ലായിരുന്നു. രാജു അന്നേദിവസം രാത്രി തള്ളി നീക്കാൻ വളരെയേറെ കഷ്ടപ്പെട്ടു അടുത്ത ദിവസം രാവിലെ അമ്മയും രാജുവും പാടത്തേക്ക് നടന്നു.

കുറച്ച് ദൂരം നടന്നപ്പോൾ രാജുവിന് അന്നേവരെ അനുഭവിച്ചിട്ടില്ലാത്ത എന്തോ ഒന്ന് തോന്നിത്തുടങ്ങി. അവൻറെ കയ്യില് രോമങ്ങൾ തലപൊക്കി നോക്കുന്നതായി അവന് തോന്നി. ചുറ്റും വളരെ തണുത്ത കാലാവസ്ഥ ആയിരുന്നു. നെൽകതരുകൾക്കിടയിലൂടെ ചീറിപ്പായുന്ന കാറ്റ് അവൻറെ മുഖത്തേക്ക് അടിച്ചു കയറി. അവന് മരങ്ങളും ചെടികളും നെൽവിളകളും താളത്തിനൊത്ത് പാടുകയും നൃത്തമാടുന്നതായും തോന്നി.അവന് പ്രകൃതി അതിരാവിലെ തന്നെ ഒരുങ്ങി അണിഞ്ഞ് തന്റെ മനോഹരമായ ശബ്ദത്താൽ പാടുന്നതായും തോന്നി. അവന് എന്തെന്നില്ലാത്ത ഒരു കുളിർമയും ഉത്സാഹവും ഉന്മേഷവും തോന്നി. എല്ലാവരും കേരളം ദൈവത്തിൻറെ സ്വന്തം നാട് എന്ന് പറയുന്നത് അവൻ കേട്ടിട്ടുണ്ടായിരുന്നു. പക്ഷേ അവൻ അത് അനുഭവിച്ചറിഞ്ഞു. അവന് പ്രകൃതി ഒരു മുനിയെ പോലെ അതിരാവിലെ തന്നെ ധ്യാനിക്കുന്നതായി തോന്നി അവൻ ആ ധ്യാനം തടസ്സപ്പെടുത്തുവാൻ അവൻ ആഗ്രഹിച്ചില്ല. അവൻ അമ്മയോട് താഴ്ന്ന സ്വരത്തിൽ ചോദിച്ചു  അമ്മേ മഞ്ഞിന്റെ കൂട്ടുകാരൻ എവിടെയാണ് ?അമ്മ അവനോട് ആകാശത്തേക്ക് നോക്കാനായി ആവശ്യപ്പെട്ടു ആകാശത്ത് സൂര്യനില്ല ഒരു വെള്ളപ്പുഗ മാത്രം അത് നിലപാടങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതായി അവനു തോന്നി. അവൻ നെൽപ്പാടത്തേക്ക് ഇറങ്ങിച്ചെന്നു. അവന്റെ ശരീരത്തിൽ വീണ്ടും രോമാഞ്ചം ഉണ്ടായി. അവൻറെ ഉള്ളിൽ അപ്പോൾ എന്തോ തരത്തിലുള്ള ശക്തി കയറി പോയതായിരുന്നു അവന് തോന്നി.

-Noyel B Sebastian 8B

# രണ്ടു സുഹൃത്തുക്കൾ

ഒരിക്കൽ രണ്ടു ചങ്ങാതിമാർ ഒരു യാത്ര പോകുകയായിരുന്നു ഒരു നീണ്ട യാത്ര.യാത്രയുടെ ഇടയിൽ അവർ തമ്മിൽ ഒരു കുഞ്ഞു പിണക്കമുണ്ടായി. ദേക്ഷ്യം സഹിക്കവയ്യാതെ ഒന്നാമൻ രണ്ടാമനെ ഒന്ന് തല്ലി. സങ്കടത്തോട് രണ്ടാമൻ നിലത്തു കുത്തിയിരുന്നു മണലിൽ ഇങ്ങനെ എഴുതി ,
"എന്റെ ചെങ്ങാതി എന്നെ തല്ലി"
അവർ പിന്നെയും യാത്ര തുടർന്നു .
അവർ മലവെള്ളപ്പാച്ചിലിൽ കരകവിഞ്ഞൊഴുകുന്ന, ഒരു പുഴയുടെ കരയിലെത്തി. പെട്ടെന്ന് രണ്ടാമൻ അതിലേക്കു കാലു വഴുതി വീണു .. ഒന്നാമൻ തന്റെ സുഹൃത്തിനെ സാഹസികമായി പുഴയിൽ ചാടി സുഹൃത്തിനെ രക്ഷിച്ചു .. കരയിലെത്തിയ രണ്ടാമൻ, തന്റെ ഭാണ്ഡത്തിൽ നിന്നും ഉളിയെടുത്തു അടുത്തുള്ള വലിയ പാറയിൽ കൊത്തി എഴുതി .
"എന്റെ ചങ്ങാതി എന്റെ ജീവൻ രക്ഷിച്ചു ...."
ഒന്നാമൻ ചോദിച്ചു " ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ മണലിലെഴുതി , നിന്നെ സഹായിച്ചപ്പോൾ ശിലയിൽ കൊത്തി അത് എന്താണ് ...?"
"നീ എന്നെ വേദനിപ്പിച്ചത് മണ്ണിലെ എഴുത്താവു .. കാരണം ഒരു ചെറുകാറ്റിൽ അത് മാഞ്ഞു പോകണം, അതിന്റെ ആയുസ്സ് ഒരു നിമിഷത്തെക്കെ ഉണ്ടാകാൻ പാടുള്ളു . എന്നാൽ നീ എന്നെ സഹായിച്ചത് ശിലയിൽ എഴുതണം അത് എന്നും നിലനില്ക്കണം, എന്റെ ജീവൻ പോയാലും " ഒരുവൻ തന്നെ സഹായിച്ചാൽ അത് ശിലയിൽ തന്നെ കൊത്തണം. തന്നെ സഹായിച്ചവന് ഇനിയും ഒരുപാട് പേരെ സഹായിക്കാൻ അത് പ്രചോദനമാകും.

-Tony Mathew 8B



# ലഹരിയും ജീവിതവും

മനുഷ്യന്റെ ബോധമണ്ഡലത്തിൽ കടന്ന് മയക്കമോ ഉത്തേജന സൃഷ്ടിക്കാൻ കഴിവുള്ള വസ്തുക്കളെ ലഹരി എന്ന് വിളിക്കാം നമ്മുടെ ജീവിതത്തെ മുഴുവൻ നശിപ്പിക്കാൻ കഴിവുള്ള വസ്തുക്കളെയും ലഹരി എന്ന് വിളിക്കാം ലഹരി എന്നത് ഒരു പലതുടെയും സംയുക്തമായ നാമമാണ്. അതിൽ കഞ്ചാവ് മയക്കുന്നതിന് മദ്യം എന്നിവയാണ് ലഹരി നമ്മുടെ യുവാക്കളെ കാർന്നു തിന്നുകയാണ് അതിൽ നിന്നും അവരെ രക്ഷിക്കേണ്ട ശ്രമകരമായ ജോലിയാണ്.ഇപ്പോൾ വിദ്യാലയങ്ങളിൽ പോലും ലഹരിയുടെ വിളയാട്ടമാണ് നടക്കുന്നത് ഇത് വിദ്യാർത്ഥികളിൽ വളരെ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാക്കാം. വിദ്യാർഥികൾ പെട്ടെന്ന് ഇതിന് അടിമകളാണ്. കുറച്ചുനേരത്തെ സുഖത്തിന് വേണ്ടി അവർ ദീർഘനാളത്തേക്ക് അതിന് അടിമകൾ ആകുന്നു. ആദ്യം കാണുമ്പോഴുള്ള കൗതുകം മറ്റുള്ളവരിൽ നിന്നുള്ള പ്രലോഭനം അനുകരണം അറിയില്ലായ്മ എന്നിവ ഏറ്റവും വലിയ ദുരിതത്തിലേക്ക് നയിക്കും.

മാധ്യമങ്ങളാണ് ലഹരിയുടെ ഉപയോഗത്തിന് ഏറ്റവും കൂടുതൽ പ്രലോഭിപ്പിക്കുന്നത് എന്നത് ഏറ്റവും വിഷമകരമായ കാര്യമാണ്.ഇപ്പോൾ റിലീസ് ചെയ്യുന്ന പല സിനിമകളിലും ലഹരിയെ കുറിച്ചുള്ള പല സീനുകളും ഉണ്ട്. ഇതിനെ പ്രതിരോധിക്കാൻ നമുക്ക് ഏറ്റവും വലിയൊരു കാര്യം ആവശ്യമാണ്. ലഹരി ഉപയോഗിക്കുന്നവരിൽ 90%അറിവ് ഇല്ലാതെ ലഹരി ഉപയോഗിച്ച് തുടങ്ങിയവരാണ് ബോധവൽക്കരണം നടത്തുക ലഹരി ഉപയോഗിച്ച അടിമകളായവരെ കണ്ടെത്തുക എന്നതാണ് രണ്ടാമത്തെ ജോലി ഇതാണ് ഏറ്റവും ശ്രമകരം വിദ്യാർത്ഥികളിൽലഹരി വിരുദ്ധമായ മനസാക്ഷി രൂപപ്പെടുത്തുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അധ്യാപകരുടെയും മാതാപിതാക്കളുടെയും അനുഭാവപൂർണ്ണമായസമീപനങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാകണം. ലഹരി ഇല്ലാത്ത ഒരു ഇന്ത്യയാണ് എന്റെ സ്വപ്നം നമ്മുടെ സ്വപ്നം ആ സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്ക് സാധിക്കട്ടെ

-Joyel Thomas Benoy 9A



-Sreerag P Santhosh 9B

# ലഹരി എന്ന വിപത്ത്

കേരള സംസ്ഥാനം രൂപീകൃതമായിട്ട് 67 വർഷം പിന്നിട്ടു. ഈ കാലയളവിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങി വിവിധ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. ഇതിൽ തന്നെ ചില നേട്ടങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങൾക്ക് തുല്യമായ അഭിമാനാർഹമായ സ്ഥാനവും നമുക്കുണ്ട്. എന്നാൽ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കേരളം നേടിയെടുത്തിട്ടുള്ള വികസനത്തിനും, പുരോഗതിക്കും കടുത്ത വെല്ലുവിളിയാണ്. മനുഷ്യനെ ശാരീരികമായും മാനസികമായും തകർക്കുന്ന മഹാവിപത്താണ് ലഹരി. റോഡ് അപകടം, ആരോഗ്യ പ്രശ്നങ്ങൾ, കുടുംബബന്ധങ്ങളുടെ തകർച്ച, ആത്മഹത്യ തുടങ്ങി മദ്യവും മയക്കുമരുന്നും സൃഷ്ടിക്കുന്ന അപകട വശങ്ങൾ നിരവധിയാണ്. കൂടുതലായി കുട്ടികളിലും യുവജനങ്ങളിലും പിടിമുറുക്കുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാവുന്നതല്ല. ലഹരി ഉപയോഗിക്കുമ്പോൾ ഉണ്ടാവുന്ന സുഖം എന്താണെന്ന് അറിയുന്നതിനു വേണ്ടിയാണ് ആദ്യം ലഹരി ഉപയോഗിക്കുന്നത്. ഒരു വ്യക്തി ലഹരിക്ക് അടിമപ്പെട്ടാൽ അതിൽ നിന്നും മോചിതൻ ആകാൻ വളരെ ബുദ്ധിമുട്ടാണ്. മൊബൈൽ ഫോണും, ഇന്റർനെറ്റും ജീവിതം നിയന്ത്രിക്കുന്ന ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയകളും ഇതിന് കാരണമാകുന്നു.

ലഹരി മരുന്നുകളുടെ കെണിയിൽ പലപ്പോഴും അകപ്പെടുന്നത് കുട്ടികളാണ്. ജീവിതം തന്നെ വഴിതെറ്റിക്കുന്ന ഈ വസ്തുക്കളെക്കുറിച്ച് വേണ്ടത്ര അറിവ് കുട്ടികൾക്കില്ല. ഉണ്ടായിരുന്നെങ്കിൽ പലരും ഈ കെണിയിൽ പെടില്ലല്ലോ. കേവലം കൗതുകത്തിനായി പലരും ആരംഭിക്കുന്ന ഈ ദുശ്ശീലം കാട്ടുതീയേക്കാൾ വേഗത്തിൽ പടർന്ന് പന്തലിക്കുന്നു. ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത മഹാ ഗർത്തങ്ങളിലേക്കാണ് ലഹരിയുടെ ഉപയോക്താക്കൾ പതിക്കുന്നത്. അർബുദം, ആരോഗ്യപ്രശ്നങ്ങൾ, മാനസികരോഗം എന്നിവ ലഹരി ഉപയോഗിക്കുന്നവരെ തേടിയെത്തും. ലഹരിക്ക് അടിമപ്പെട്ടവർ ക്രൂരമായ എന്ത് പ്രവർത്തിയും ചെയ്യാൻ മടിയില്ലാത്തവരാണ്.

-Fego Joseph 8C




കേരളത്തിന്റെ വിദ്യാലയ ഭൂപടത്തിൽ തിളങ്ങുന്ന വർണ്ണങ്ങളിൽ അടയാളപ്പെടുത്തപ്പെട്ട ഒരു ശ്രേഷ്ഠ വിദ്യാഭ്യാസ സ്ഥാപനമാണ് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ. വിശുദ്ധ ചാവറച്ചന്റെ പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന അലങ്കനീയമായ കൽപ്പന പ്രകാരം സ്ഥാപിതമായ പുളിങ്കുന്ന് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ കാലത്തിന്റെ ഒഴുക്കിനേയും ഓളത്തെയും അതി ജീവിച്ച് ചുറ്റുപാടുകളിൽ നിന്ന് ഊർജ്ജം സമാഹരിച്ച് അതിന്റെ പ്രഭാപൂരിതമായ യാത്ര തുടരുന്നു.

സിഎംഐ സഭയുടെ തിരുവനന്തപുരം സെന്റ് ജോസഫ് പ്രൊവിൻസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന്റെ കോർപ്പറേറ്റ് മാനേജർ ആയി റവ.ഫാ.ഡോ. ജെയിംസ് മുല്ലശ്ശേരി സിഎംഐയും സ്കൂൾ മാനേജരായി റവ. ഫാ.ജോസൂട്ടി ജെ കളം സിഎംഐയും സേവനമനുഷ്ഠിക്കുന്നു. സ്കൂൾ പ്രിൻസിപ്പലായി ഫാദർ ലൂക്കാ ആന്റണി ചാവറ സി എം ഐയും സ്കൂൾ ഹെഡ്മാസ്റ്ററായി ശ്രീ ഷാജി തോമസും സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളിലായി 1210 വിദ്യാർഥിനി വിദ്യാർത്ഥികൾ ഇവിടെ വിദ്യാഭ്യാസം നടത്തുന്നു. 2023 മാർച്ചിൽ നടന്ന എസ്എസ്എൽസി പരീക്ഷയിൽ നമ്മുടെ വിദ്യാർഥികൾ 100% വിജയം കരസ്ഥമാക്കുകയും 42 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭ്യമാവുകയും ചെയ്തു. എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് വേണ്ടി ദേശീയ തലത്തിൽ നടത്തപ്പെടുന്ന എൻ എം എം എസ് പരീക്ഷയിൽ കുട്ടനാട്ടിൽ നിന്നും ഏറ്റവും അധികം വിദ്യാർത്ഥികൾ സ്കോളർഷിപ്പ് കരസ്ഥമാക്കിയത് നമ്മുടെ വിദ്യാലയത്തിൽ നിന്നാണ്. ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് വേണ്ടി സംസ്ഥാനതലത്തിൽ നടത്തിവരുന്ന യുഎസ് സ്കോളർഷിപ്പ് പരീക്ഷയിൽ നാല് വിദ്യാർഥികൾ സ്കോളർഷിപ്പ് കരസ്ഥമാക്കി. ഉപജില്ലാ ശാസ്ത്രമേളയിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും പ്രശംസനീയമായ വിധം വിവിധയിനങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു

## കായിക രംഗം




സ്പോർട്സ്കൗൺസിലിന്റെ അംഗീകാരമുള്ള ഒരു ബാസ്കറ്റ്ബോൾ സ്പോർട്സ് ഹോസ്റ്റൽ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ഇക്കൊല്ലത്തെ സംസ്ഥാന യൂത്ത് ബാസ്കറ്റ്ബോൾ ടൂർണ്ണമെന്റ് നമ്മുടെ സ്കൂളിൽ വച്ച് ആണ് നടന്നത്. ബാസ്കറ്റ്ബോൾ ടൂർണമെന്റിൽ നമ്മുടെ സ്കൂൾ ടീമിലെ 8 കളിക്കാർ ആലപ്പുഴ ജില്ലാ ടീമിൽ ഇടം കണ്ടെത്തി.നിരവധി ദേശീയ അന്തർദേശീയ സംഘടനകളും ക്ലബ്ബുകളും നമ്മുടെ വിദ്യാലയത്തിൽ ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചുവരുന്നു.

## എക്സ്ട്രാ മൈൽ പരിശീലനം

ബൗദ്ധിക വികാസത്തിന്റെ വിവിധ തലങ്ങളിൽ മികവുപുലർത്തുന്ന കുട്ടികളെ കണ്ടെത്തി അവരുടെ പ്രതിഭയെ പരിപോഷിപ്പിക്കുന്ന പ്രത്യേക പരിപാടിയാണ് എക്സ്ട്രാ മൈൽ. പഠനത്തിൽ മികവുപുലർത്തുന്ന കുട്ടികൾക്ക് എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കുന്നതിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിജയം ഉറപ്പാക്കുന്നതിനും എക്സ്ട്രാമൈൽ പരിശീലനം കൊണ്ട് സാധിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്

കമ്പ്യൂട്ടർ സാങ്കേതികവിദ്യയിൽ അഭിരുചിയും താല്പര്യമുള്ള വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിലെ യൂണിറ്റിൽ പത്താം ക്ലാസിൽ 21 കുട്ടികളും ഒമ്പതാം ക്ലാസിൽ 24 കുട്ടികളും എട്ടാം ക്ലാസിൽ 40 കുട്ടികളും പരിശീലനം നേടുന്നു.



പുതിയ രൂപത്തിലും ഭാവത്തിലും പടർന്നുപന്തലിക്കുന്ന ലഹരിയുടെ ഈ കരാളഹസ്തങ്ങൾക്ക് കൈയാമം ഇടുക എന്ന ശ്രമകരമായ ദൗത്യങ്ങളെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ഐക്യരാഷ്ട്രസഭ ജൂൺ 26ന് ലഹരി വിരുദ്ധ ദിനമായി ആചരിച്ചു തുടങ്ങിയത്.വർഷങ്ങൾ പിന്നിടുമ്പോഴും ജാതി- മത- പ്രായഭേദമന്യേ സ്ത്രീകളും കുട്ടികളും അടക്കം ലഹരി ഒരുക്കുന്ന അപകട ചുഴികളിൽ പതിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അതിനൊരു മാറ്റവും വരുത്താൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല.

ലഹരിയുടെ വല അനുദിനം വിസ്തൃതമായ നമ്മുടെ നാടിനെ വരിഞ്ഞു മുറുക്കി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ അതിശക്തമായ പ്രചാരണ ബോധവൽക്കരണ പ്രവർത്തനത്തിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തണം. അതോടൊപ്പം ലഹരി ഉപയോഗം തടയുന്നതിനുള്ള സർക്കാർ പദ്ധതികളും നിലവിലുള്ള നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയും വേണം. അതിന് എല്ലാവരും ലഹരി ഉപയോഗിക്കില്ല എന്ന് ഉറച്ച തീരുമാനം എടുക്കണം.

# പൂമ്പാറ്റ

പുള്ളി പുള്ളി കുപ്പായം തുന്നിയതാരാ പൂമ്പാറ്റേ

നിന്നുടെ കൂടെ പോന്നോട്ടെ

പാറും വഴികൾ കണ്ടോട്ടെ

എത്ര പൂവിൻ തേനൂറും നീ എത്ര നാടിൻ കഥയറിയാം

നൃത്തം വെച്ച് പറക്കും നിന്നുടെ വൃത്തി എനിക്ക് പകർന്നാലും

വർണ്ണ ചിറകുകൾ വീശി പാറും നിങ്ങളുടെ നൃത്തം എന്തു രസം!

കൂടെ വരട്ടെ പൂമ്പാറ്റയെൻ കൂട്ടായി നീയും ചേരില്ലേ......

-Punuse Ajeesh 8B



# EDITORIAL BOARD



## Patron

**Mr. Shaji Thomas**
(head master)

## Advisors

**Mr. Pious Thomas Mathew**
(teacher)

**Mrs. Priya Francis**
(teacher)

## Editors

- Master. Benchamin Joseph (student)
- Master. Abhijith K S (student)
- Master. Abhijith N Rajeev (student)
- Master. Amal Job (student)
- Master. Kuncheria s (student)

# സ്നേഹപൂർവം
# യാത്രാ മംഗളം
# നേരുന്നു



**ഷാജി തോമസ്**

**ഹെഡ്മാസ്റ്റർ**

**സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി പുളിങ്കുന്നു**



**വിജിമോൾ സേവ്യർ**

**മലയാളം ഹൈസ്കൂൾ വിഭാഗം അദ്ധ്യാപിക**

**_സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി പുളിങ്കുന്നു**

# നന്ദി